**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3448** **26-10-2021 - ൽ മറുപടിയ്ക്ക്**

**എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ കൃഷി പുന:രാരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തരിശായി കിടക്കുന്ന നാന്നൂറേക്കറോളം നെൽപ്പാടങ്ങൾ കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ 150 ഏക്കർ നെൽവയൽ തരിശായി കിടക്കുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നെൽപ്പാടങ്ങളിൽ കൃഷി പുന:രാരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (ബി) | എടത്തിരുത്തി ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി 2021 -22 പ്രകാരം 25 ഏക്കറിൽ തരിശ് നെൽകൃഷി ചെയ്യുന്നതിന് 4 ലക്ഷം രൂപ വകയിരുത്തി കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളം പമ്പ് ചെയ്തു കളയുന്നതിന് 100% സബ്സിഡിയോടെ പമ്പ് സെറ്റ് നൽകുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഏകദേശം രണ്ടു മീറ്ററോളം ഉയരത്തിൽ നിറഞ്ഞു നിൽക്കുന്ന പോതപ്പുല്ല് നീക്കംചെയ്യുന്നതിന് കൃഷിവകുപ്പ് കർഷകരെ സഹായിക്കുമോ; ഇതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നെൽകൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പോതപ്പുല്ല് നിയന്ത്രിക്കുന്നതിന് കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച Almix എന്ന കളനാശിനി തളിക്കുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു നിലങ്ങൾ കൃഷിക്കായി ഒരുക്കി കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ